# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **1769**

17.12.2012-ൽ മറുപടിക്ക്

## സേവനാവകാശ നിയമം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. സി. ദിവാകരൻ** | | **ശ്രീ. ഉമ്മൻചാണ്ടി**<br>**മുഖ്യമന്ത്രി** |
| (എ) സേവനാവകാശ നിയമം നടപ്പിലാക്കിയതിലൂടെ ഉണ്ടായ നേട്ടങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; | (എ) & (ബി) | 2012 നവംബർ 1 മുതൽ സേവനാവകാശ നിയമം പ്രാബല്യത്തിൽ വന്നിട്ടുണ്ട്. പ്രസ്തുത നിയമം നടപ്പിലാക്കുന്നതിനാവശ്യമായ ചട്ടങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത നിയമം 3-ാം വകുപ്പ് പ്രകാരം, ഈ നിയമത്തിന്റെ പ്രാരംഭം മുതൽ ആറുമാസത്തിനകം, ഓരോ സർക്കാർ വകുപ്പും ഓരോ വകുപ്പുമേധാവിയും, ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും ഓരോ നിയമാധിഷ്ഠിത നികായവും, അവ ഓരോന്നും നൽകുന്ന സേവനങ്ങൾ (നിയമം 2(g) വകുപ്പിന്റെ പരിധിയിൽപ്പെട്ടവ) ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതുണ്ട്. ഇത് സംബന്ധിച്ച നടപടികൾ നടന്നുവരുന്നതേയുള്ളൂ. |
| (ബി) പല ഓഫീസുകളിലും നിയമത്തിൽ പ്രതിപാദിക്കുന്നതുപോലെ സേവനം നൽകാനുള്ള ഭൗതിക സാഹചര്യം ഇല്ലായെന്ന് ബോധ്യമായിട്ടുണ്ടോ ; ഇത് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ള തെന്ന് വ്യക്തമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ